# 7

# സിമ്രി

# കൊയ്ത്തു നിയമം

**വേദഭാഗം: 1 രാജാക്കന്മാർ 16:8–20**

സിമ്രി: നിങ്ങൾ അയാളെ കുറിച്ചു കേട്ടിട്ടുണ്ടോ? യോസേഫിന്റെ പരിശുദ്ധിയെയും, അബ്രഹാമിന്റെ വിശ്വാസത്തെയും, ശൗലിന്റെ നോട്ടത്തെയും, ദാവീദിന്റെ ഹൃദയത്തെയും നാം ഓർക്കുന്നു – എന്നാൽ സിമ്രി എന്നു കേൾക്കുമ്പോൾ, നിങ്ങൾക്ക് എന്താണ് ഓർമ്മ വരുന്നത്? ഒരുപക്ഷെ ഒന്നും ഓർക്കുന്നില്ലായിരിക്കാം. തിരുവെഴുത്തിൽ അവനെ കുറിച്ച് അധികമൊന്നും പറയാത്തതിനാൽ, നമുക്ക് അവനെ സംബന്ധിച്ച് ചിന്തിക്കുവാനും അധികമില്ല. ബി. സി. 885 ലെ അവന്റെ ഭരണം കണ്ണടച്ചു തുറക്കുന്നതിനു മുൻപ് അവസാനിച്ചു, അത് വടക്കേ രാജ്യം ഭരിച്ച ഏതൊരു രാജാക്കന്മാരുടേയും ഭരണകാലത്തേക്കാൾ ഏറ്റവും കുറഞ്ഞ കാലമായിരുന്നു. അവൻ വാസ്തവത്തിൽ രാജാവ് തന്നെ ആയിരുന്നില്ല എന്നാണ് ബോധ്യമാകുന്നത്; അവൻ ഭാവിയിൽ "രാജാവാകേണ്ടവൻ" എന്നു പറയാം, നൈമിഷികമായി സ്ഥാനം പിടിച്ചടക്കിയവനായിരുന്നതിനാൽ, വടക്കൻ രാജാക്കന്മാരുടെ പട്ടികയിൽ അവനെ ഉൾപ്പെടുത്താവുന്നതുമല്ല.

അവന്റെ ദയനീയമായ ജീവചരിത്രം, ദൈവം ആറു വാക്യങ്ങളിൽ മാത്രമായി, ചുരുക്കിയിരിക്കുന്നു:

> യെഹൂദാരാജാവായ ആസയുടെ ഇരുപത്തി-ഏഴാം ആണ്ടിൽ സിമ്രി തിർസയിൽ ഏഴ് ദിവസം രാജാവായിരുന്നു. അന്നു പടജ്ജനം ഫെലിസ്ത്യർക്ക് ഗിബെഥോൻ നിരോധിച്ചിരിക്കയായിരുന്നു. "സിമ്രി കൂട്ടുകെട്ടുണ്ടാക്കി രാജാവിനെ കൊന്നുകളഞ്ഞു" എന്നു പാളയം ഇറങ്ങിയിരുന്ന പടജ്ജനം കേട്ടപ്പോൾ, എല്ലാ യിസ്രായേലും അന്നു തന്നെ പാളയത്തിൽ വെച്ചു സേനാധിപതിയായ ഒമ്രിയെ യിസ്രായേലിന്നു രാജാവാക്കി വാഴിച്ചു. ഉടനെ ഒമ്രി എല്ലാ യിസ്രായേലുമായി ഗബ്ബെഥോൻ വിട്ടുചെന്നു തിർസയെ നിരോധിച്ചു. പട്ടണം പിടിപെട്ടു എന്നു സിമ്രി കണ്ടപ്പോൾ, രാജധാനിയുടെ ഉൾമുറിയിൽ കടന്നു രാജധാനിക്കു തീ വെച്ചു അതിൽ മരിച്ചുകളഞ്ഞു, അവൻ യൊരേബയാമിന്റെ വഴിയിലും, അവൻ യിസ്രായേലിനെക്കൊണ്ട് ചെയ്യിച്ച പാപത്തിലും നടന്നു യഹോവക്ക് അനിഷ്ടമായുള്ളതു പ്രവർത്തിച്ചു. ഇങ്ങനെ താൻ ചെയ്ത പാപങ്ങൾ നിമിത്തം തന്നെ (16:15–19).

യൊരേബയാമിനെ അനുഗമിച്ചവനായിരുന്നു സിമ്രി. അവൻ സിംഹാസനം പിടിച്ചെടുത്ത് യിസ്രായേലിനെ ഭരിക്കുവാൻ ശ്രമിച്ചു, എന്നാൽ അവന്റെ പരിശ്രമം അമ്പേ പരാജയപ്പെട്ടു, ഏഴ് ദിവസത്തേക്ക് മാത്രമേ നീണ്ടുനിന്നുള്ളു. അവൻ സിംഹാസനം പിടിച്ചെടുത്തപ്പോൾ, യിസ്രായേൽ സൈന്യം ഗിബ്ബെഥോനെ നിരോധിക്കുന്ന തിരക്കിലായിരുന്നു, ഫെലിസ്ത്യരുടെ കയ്യിലായിരുന്ന

ആ പട്ടണം "ഇടക്കു-ള്ള-ഒരു-മുള്ള്" പോലെ ആയിരുന്നു. ആളുകൾക്കിട യിൽ മതിപ്പുണ്ടായിരുന്ന ഒമ്രിയായിരുന്നു സൈന്യത്തെ നയിച്ചുകൊണ്ടിരുന്ന ത്. സിമ്രി ഏലായെ കൊന്നു എന്നു ജനം കേട്ടപ്പോൾ, അവർ ഒമ്രിയെ "എല്ലാ യിസ്രായേലിന്നും" രാജാവാക്കി. തന്നെ രാജാവായി അഭിഷേകം ചെയ്ത ഒരു ചെറിയ കൂട്ടത്തെ പിൻപറ്റി ഒമ്രിക്ക് ആദ്യം, സിമ്രിയെ കൈകാര്യം ചെയ്യേണ മെന്നാണ് തോന്നിയത്. അവൻ ഉടനെ തിർസയിലേക്ക് ചെന്നു പട്ടണത്തെ വളഞ്ഞു. അപ്പോൾ കണ്ടത് സിമ്രിയുടെ തന്നെത്താൻ ഒടുക്കിയ കഷ്ടസ്ഥിതി യായിരുന്നു. രാജകിയ മഹത്വത്തിലേക്ക് പോകുന്നതിനുപകരം, രാജധാനിക്ക് തീ വെച്ച് തന്നെത്താൻ ജീവൻ ഒടുക്കുകയായിരുന്നു ചെയ്തത്.

അങ്ങനെ സിമ്രി പിടിച്ചെടുത്ത സിംഹാസനം അങ്ങനെ തന്നെ പോയി. അവൻ ഏലായോട് ചെയ്തത്, ഒമ്രി അവനോട് ചെയ്തു. സുവർണ്ണനിയമം തിരിച്ച് അവനു അനുഭവപ്പെട്ടു: "നിങ്ങൾ മറ്റുള്ളവരോട് ചെയ്യുന്നതു തന്നെ നിങ്ങൾക്ക് തിരിച്ചു കിട്ടും." "രാജാവായിത്തീരേണ്ടവൻ" കൊല്ലപ്പെടുമെന്നു വന്നപ്പോൾ, ആത്മഹത്യ ചെയ്തു. അവന്റെ മരണത്തെ പരിശുദ്ധാത്മാവ് വിവ രിച്ചിരിക്കുന്നത് ദൈവത്തിന്റെ ന്യായവിധി ആയിരുന്നു എന്നാണ്:

> അവൻ യൊരേബയാമിന്റെ വഴിയിലും അവൻ യിസ്രായേലിനെ കൊണ്ട് ചെയ്യിച്ച പാപത്തിലും നടന്നു യഹോവക്ക് അനിഷ്ടമായുള്ളത് പ്ര വർത്തിച്ചു. ഇങ്ങനെ താൻ ചെയ്ത പാപങ്ങളാൽ തന്നെ (16:19).

പെട്ടെന്നോ അല്ലെങ്കിൽ പിന്നീടോ ഓരോ വ്യക്തിയും നേരിടേണ്ട ജീവന്റെ പ്രമാണത്തെയാണ്, സിമ്രിയുടെ ചുരുങ്ങിയ കാല ഭരണപരിശ്രമം നമ്മെ പഠിപ്പിക്കുന്നത്: കൊയ്ത്തു പ്രമാണം. എല്ലാവരും നേരിടേണ്ടതുപേ ാലെ സിമ്രിയും നേരിട്ടു, പക്ഷെ ആ പ്രമാണത്തെ ലംഘിച്ചുകൊണ്ടാണ് നേ രിട്ടത്. നാം അതിനെ "ലംഘിക്കുമോ" അതോ "പ്രമാണിക്കുമോ" എന്നത് അതിനോടുള്ള സമീപനമാണ് വ്യക്തമാക്കുന്നത്. സിമ്രിയുടെ ചുരുങ്ങിയ ഭരണത്തിൽനിന്ന് ആ പ്രമാണത്തിന്റെ വിവിധ വശങ്ങൾ മനസിലാക്കുന്നത് ബുദ്ധിയായിരിക്കും.

## കൊയ്ത്ത്:
## നാം വിതെക്കുന്നത് കൊയ്യും

ആ പ്രമാണത്തെ സംബന്ധിച്ച് നാം വിതെക്കുന്നതു *എന്താണോ* അത് കൊയ്യും എന്ന സത്യമാണ് സിമ്രി അവസാനം കാണിച്ചു തരുന്നത്. വിതെയുടെ അടിസ്ഥാനത്തിലാണ് കൊയ്ത്ത് നടക്കുന്നത്. താൻ വിചാരിക്കുന്നതുപോലെ എല്ലാം നേരെയാകുമെന്ന് വിചാരിച്ച് അവൻ അക്രമവും കുലയും വിതെച്ചു, പക്ഷെ താൻ പുറപ്പെടുവിച്ചതു തന്നെ അവനു തിരിച്ചുകിട്ടി. യേശു പറഞ്ഞു, "... വാളെടുക്കുന്നവൻ വാളാൽ നശിക്കും" (മത്തായി 26:52). ഒരിക്കൽ വിതെ ച്ചുകഴിഞ്ഞാൽ പിന്നെ, വിതെയെയോ കൊയ്ത്തിനു തന്നെയോ മാറ്റം വരു ത്തുവാൻ സാധ്യമല്ല. രാത്രിക്കു ശേഷം പകൽ വരുന്നതുപോലെ, വിതെച്ചത് വളർന്നാണ് കൊയ്യുന്നത്. ആ വസ്തുത പൗലൊസ് ഉറപ്പിച്ചു പറയുന്നു:

> ദൈവത്തെ പരിഹസിച്ചുകൂടാ, മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും. ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽനിന്നു നാശം

കൊയ്യും. ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽനിന്നു നിത്യജീവൻ കൊയ്യും (ഗലാത്യർ 6:7, 8).

ഈ ഭൂമിയിൽ ജീവിക്കുന്ന ഓരോരുത്തരും തങ്ങളുടെ ചിന്തകളും, വാക്കുകളും, പ്രവൃത്തികളും വളർന്ന് വലുതായി, അതിന്റെ ഫലം കുറെ ഇവിടെയും ബാക്കി നിത്യതയിലും കൊയ്യും.

ജീവിതം എത്ര മോശമായിട്ടാണ് പോകുന്നത് എന്നതിനെ കുറിച്ച് സംസാരിക്കുവാൻ നാം ഇഷ്ടപ്പെടുന്നു. ജീവിതത്തിൽ എന്തെങ്കിലും മോശമായി സംഭവിക്കുമ്പോൾ നാം അത് പറയുകയും ചെയ്യും. ഉദാഹരണത്തിന് നല്ല ജീവിതം നയിച്ച നമ്മുടെ ബന്ധത്തിലുള്ള ആരെങ്കിലും രോഗിയാകുമ്പോൾ, നാം പറയും, "അതു ശരിയല്ല!" ഉവ്വ്, ജീവിതത്തിൽ ശരിയല്ലാത്തതെന്ന് തോന്നുന്ന പലതും സംഭവിക്കുന്നതായി എനിക്ക് അറിയാം; എന്നാൽ മിക്ക ആളുകൾക്കും ജീവിതം ന്യായമായതാണ്. സാധാരണ, നാം നൽകുന്നതാണ് നമുക്ക് തിരിച്ച് ലഭിക്കുന്നത്. നാം വിതെക്കുന്നതല്ലാതെ കൊയ്യുവാൻ സാധ്യമല്ല എന്ന സത്യത്തിനപ്പുറം പോകുവാൻ കഴിയുകയില്ല എന്നത്, ജീവിതത്തിലെ പൊതുവായ സത്യമാണ്. തിന്മയെ സംബന്ധിച്ച ആ സത്യം പ്ലാറ്റോ മനസിലാക്കി, അത് ഇങ്ങനെ പറഞ്ഞു, "തിന്മയും അതിന്റെ തക്ക സമയത്തുള്ള പ്രതിഫലവും ഒന്നിച്ചു ചേർത്തിരിക്കുകയാണ്." എല്ലാ കാലത്തും, എല്ലാവരും അനുഭവസാക്ഷ്യത്തിൽകൂടെ ആ സത്യം തിരിച്ചറിയും. ഈ പഴഞ്ചൊല്ല് നിങ്ങൾ കേട്ടിരിക്കാം, "ആയിരം കന്നുകാലികൾക്കിടയിൽ ഒരു കിടാവ് തന്റെ അമ്മയെ തിരിച്ചറിയും, അതുപോലെ പ്രവൃത്തി അതിന്റെ വീട്ടിലേക്ക് മടങ്ങിച്ചെല്ലും."

ചിലർ "എന്നാൽ ഒഴികഴിവ് ഞാൻ കണ്ടിരിക്കുന്നു, ഒരു ദുഷ്ടനായ മനുഷ്യൻ കുഴപ്പം കൂടാതെ സമൃദ്ധി പ്രാപിക്കുന്നത് എനിക്കറിയാം" എന്നു വാദിച്ചേക്കാം. ഇപ്പോൾ മാത്രമല്ല അത്തരം വാദം ഉന്നയിച്ചത്, അനേകം വർഷങ്ങൾക്ക് മുൻപ് സങ്കീർത്തനകാരനും ആ വാദം ഉയർത്തിയിരുന്നു (സങ്കീർത്തനങ്ങൾ 73). ദുഷ്ടൻ അഭിവൃദ്ധി പ്രാപിക്കുന്നതും നീതിമാൻ ഉപദ്രവിക്കപ്പെടുന്നതും അവൻ കണ്ടിരുന്നു. ആ വിലയിരുത്തലിലെ തെറ്റ് എന്തെന്നാൽ, സങ്കീർത്തനക്കാരൻ നിരീക്ഷിച്ചതുപോലെ, ചിലർ പ്രത്യക്ഷത്തിൽ ഭൗതികമായി ഉയർന്നുകൊണ്ടിരിക്കും, ഭൗതികമായി നമുക്ക് കാണുവാൻ കഴിയാത്ത ചില കാര്യങ്ങളുണ്ട് എന്നതാണ്.

നാം വിതെക്കുന്നതു കൊയ്യും എന്നതാണ് ഈ ലോക ജീവിതത്തിന്റെ അടിസ്ഥാന തത്വം - സ്നേഹമുള്ളവർക്ക് ധാരാളം സ്നേഹിതന്മാരുണ്ടാകും, ഉൽസാഹമുള്ളവർക്ക് പ്രതിഫലം ലഭിക്കും, സത്യസന്ധരായവർ വിശ്വാസം നേടും, മുതലായവ. ഇതിന് അൽപസ്വൽപം ഒഴികഴിവ് സംഭവിച്ചേക്കാം. നാം എല്ലാവരും അത് കണ്ടിട്ടുണ്ട്, ഒഴികഴിവ് ലഭിച്ചവർക്ക് പിന്നീട് കൊയ്ത്തുസമയത്ത് പ്രതിഫലം ലഭിക്കും - ഈ ലോകത്തിലല്ലെങ്കിൽ, നിത്യതയിൽ.

കൊയ്ത്തു നിയമം സിബ്രിയോ നാമോ മനസിലാക്കിയാലും ഇല്ലെങ്കിലും, ജീവിതത്തിൽ അത് പ്രവർത്തിക്കുക തന്നെ ചെയ്യും: അത് അവൻ ജീവിതത്തിൽ നിക്ഷേപിച്ച ഒരു നാണയം പോലെ തിരിച്ച് ലഭിക്കും. അവൻ മറ്റുള്ളവരോട് ചെയ്തതുപോലെ അവനും ലഭിക്കും. നിങ്ങൾക്കും എനിക്കും ഉള്ളതാണ് ആ പ്രമാണം. അജ്ഞതയാൽ അപേക്ഷിച്ചാലും അതിനെ അതിജീവിക്കുവാൻ കഴിയുകയില്ല. ആ പ്രമാണത്തെ അവഗണിച്ചാലും നമുക്ക്

ഒഴികഴിവില്ല. ആ പ്രമാണത്തെ ശരിയായി കൈകാര്യം ചെയ്യുവാനുള്ള ഏക വഴി അതിനെ തിരിച്ചറിഞ്ഞ് ദൈവ ഭക്തിയോടെ ജീവിക്കുക എന്നതു മാത്ര മാണ്, അതാണ് സിമ്രി ചെയ്യാതിരുന്നത്.

## കൊയ്ത്ത്: വിതെക്കുന്നതിലധികം കൊയ്യും

വിതെക്കുന്ന സമയത്തുണ്ടായിരുന്നതിനേക്കാൾ കൂടുതൽ കൊയ്ത്തുസ മയത്തുണ്ടാകുമെന്ന സത്യമാണ് രണ്ടാമതായി സിമ്രിയുടെ ജീവിതം നമ്മെ പ ഠിപ്പിക്കുന്നത്. വിതെക്കുന്ന വിത്ത് ചെറുതായിരിക്കും, എന്നാൽ കൊയ്യുന്നത് അതിന്റെ എത്രയോ മടങ്ങായിട്ടാണ്. ഒരു നെൻമണി ഒന്നിലധികം കതിരുകളും ഒന്നിലധികം കതിരുകൾ വിതച്ചാൽ ചാക്കു കണക്കിന് ധാന്യമായിരിക്കും ലഭിക്കുന്നത്. ഒരു ആപ്പിളിനകത്തെ വിത്തുകൾ നമുക്ക് എണ്ണാം, പക്ഷെ ഒരു വിത്തിൽനിന്ന് എത്ര ആപ്പിളുണ്ടാകുമെന്ന് നമുക്ക് നിശ്ചയമില്ല. എപ്പോഴും വിതെക്കുന്നതിനേക്കാൾ കൂടുതലായിരിക്കും കൊയ്യുന്നത്. അത് സത്യമല്ലെ ങ്കിൽ കൃഷിക്കാർ വിതെക്കുന്നതിലർത്ഥമുണ്ടാകയില്ലല്ലൊ.

ആ ഭയങ്കരമായ കൊയ്ത്തിന് സിമ്രി എപ്പോൾ മുതലാണ് വിതെച്ചുതുട ങ്ങിയത് എന്ന് നമുക്ക് അറിയില്ല. താൻ ആഗ്രഹിച്ചതെന്തും നേടിയെടുക്കണ മെന്ന പൈശാചിക ചിന്ത അവന്റെ കൗമാര-പ്രായം മുതലാണോ വിതെച്ചു തുടങ്ങിയത്? “നിനക്ക് ആഗ്രഹിക്കുന്നതു നേടിയെടുക്കുവാൻ കഴിയുമെങ്കിൽ, അങ്ങനെ ചെയ്തുകൊള്ളുക” എന്ന് അവന്റെ ബാല്യം മുതലായിരുന്നുവോ ചിന്തിക്കുവാൻ തുടങ്ങിയത്? വിതെച്ചു തുടങ്ങിയത് എപ്പോഴാണെന്ന് നമുക്ക് അറിയില്ല, എന്നാൽ ക്രമേണ സിംഹാസനത്തിലിരിക്കുന്ന ആളെ കൊന്ന് സിംഹാസനം പിടിച്ചെടുക്കുവാനായിരുന്നു അവൻ തീരുമാനിച്ചത്. അത് നടപ്പി ലാക്കുവാൻ അധികം താമസിച്ചില്ല. അവസരം കിട്ടിയപ്പോൾ, അവൻ രാജാ വായിരുന്ന ഏലായെ നിമിഷങ്ങൾക്കുള്ളിൽ കൊന്നുകളഞ്ഞു. അവസാനം വിതെച്ചു. പിന്നെ, അവൻ വിചാരിച്ചതിനേക്കാൾ വേഗത്തിൽ കൊയ്ത്ത് വന്നു - അതെന്തൊരു കൊയ്ത്തായിരുന്നു! അവൻ അനുഭവിച്ച കൊയ്ത്ത് നി ത്യതയിലേക്ക് നീളുന്നതായിരുന്നു. ഈ സംഭവത്തിലെ, കൊയ്ത്ത്, ലോകം മുഴുവൻ കാണുന്ന വിധത്തിൽ അവന്റെ ജീവനെ തന്നെ എടുത്തുകളയുന്നതാ യിരുന്നു. മരിക്കേണ്ട സമയമാകുന്നതിനു മുൻപ് ജീവിതയാത്രയുടെ അന്ത്യം അപകടകരമായി അവൻ അനുഭവിച്ചു. അവൻ മറ്റുള്ളവരുടെ ജീവിതം അപകട പ്പെടുത്തിയതുപോലെ, അവന്റെ ജീവിതത്തിൽ മറ്റുള്ളവർ അപകടം വരുത്തി.

സിമ്രി എങ്ങനെയാണ് തന്റെ രാജ്യദ്രോഹ കുറ്റത്തെ കണ്ടത് എന്ന് ഞാൻ അതിശയിക്കുന്നു. ഒരുപക്ഷെ അവൻ വിചാരിച്ചത്, “ഞാൻ പെട്ടെന്ന് പോ യി ഏലായെ കൊന്നാൽ, കാര്യം തീരും. ഞാൻ സിംഹാസനത്തിലിരുന്നാൽ എല്ലാ യിസ്രായേലും എന്നെ രാജാവായി അംഗീകരിക്കും. ഞാൻ സിംഹാ സനത്തിൽ സുരക്ഷിതനായിരിക്കും, കാരണം സൈന്യം മുഴുവൻ എന്നെ കാക്കും. പിന്നെ രാജ്യം എന്റേതായിരിക്കും. ശരിയായ സമയത്ത്, ശരിയായി നീങ്ങിയാൽ കാര്യം ശരിയാകും.” അതായിരുന്നു അവന്റെ ചിന്തയെങ്കിൽ, വരുവാനുള്ളത് അതിശയിപ്പിക്കുന്നതാണ് - കൊയ്യുവാനുള്ള കൊയ്ത്ത് വരുന്നു. അവൻ രാജാവാകുവാൻ ജനങ്ങൾ ആഗ്രഹിച്ചിരുന്നില്ല. ഏറ്റവും പ്ര ധാനപ്പെട്ട കാര്യം സൈന്യാധിപനായിരുന്ന ഒമ്രി ശക്തനായിരുന്നുവെങ്കിലും, അവൻ രാജാവാകുവാൻ ആഗ്രഹിച്ചിരുന്നില്ല. അവന്റെ ചെറിയ പദ്ധതി -

നല്ല - സമയത്ത് കുറച്ച് വിത്ത് വിതെക്കുക എന്നതായിരുന്നു-ഒരു വലിയ കുഴപ്പം നേരിട്ടപ്പോൾ ഒന്നുകിൽ പരസ്യമായി കൊല്ലൽ, അല്ലെങ്കിൽ രഹസ്യ മായ മരണം. പരാജയം നേരിട്ട് ശക്തി ചോർന്നു പോയവന് പിന്നെ എന്തു ചെയ്യുവാൻ കഴിയും? സിമ്രി തന്റെ സ്വന്ത ജീവൻ എടുത്ത് ആ കുഴപ്പത്തിൽന ിന്ന് രക്ഷപ്പെടാമെന്ന് കരുതി. രാജധാനിയുടെ ഉള്ളിലേക്ക് വലിഞ്ഞ്, തന്റെ ജീവൻ നഷ്ടപ്പെടുത്തിക്കൊണ്ട് അവൻ തന്റെ പേരിന് ഒരു കരിനിഴൽ കൂടെ വീഴ്ത്തി. താൻ വിതെച്ചതിനേക്കാൾ എത്രയോ അധികം അവൻ കൊയ്തു.

അവൻ അറിയാതെ, സ്മ്രി ദൈവവചനത്തിന്റെ കണ്ണാടിക്കുടിലായിരുന്നു അവൻ ജീവിച്ചത്. കൊയ്ത്തു നിയമത്തെ സംബന്ധിച്ച് സിമ്രി എന്തു ചെയ്യു മെന്ന്, ദൈവത്തിന്റെ ലെൻസും, ദൈവശ്വാസിയ ചരിത്രവും, ലോകവും നോക്കിയിരുന്നു. തിരുവെഴുത്ത് വായിക്കുന്ന ഏവർക്കും അവൻ ഒരു ഇതി ഹാസം വിടുകയായിരുന്നു: “കൊയ്ത്തു നിയമം അവഗണിക്കരുത്. ഞാൻ അവഗണിച്ചതിനാൽ, എന്റെ ജീവിതത്തിൽ സംഭവിച്ചത് നോക്കുക.”

ലോകം അവന്റെ ഇതിഹാസത്തെ വായിക്കുമ്പോൾ, സിമ്രി, താൻ ജീവി തത്തിൽ വിതെച്ചതിന്റെ ഫലം നിത്യതയിൽ അനുഭവിച്ചുകൊണ്ടിരിക്കുന്നു. കൊയ്ത്ത് ശാശ്വതമാണ്, അവസാനിക്കാത്ത പരാജയത്തിന്റെ നിത്യത. അവൻ കൊയ്ത്, കൊയ്ത്, കൊയ്തുകൊണ്ടിരിക്കും. വിതെച്ചതിനേക്കാൾ അധികമാ യിരിക്കും കൊയ്ത്ത് എന്ന കഠിന കാര്യം, തീർച്ചയായും അവൻ കണ്ടെത്തും. സിമ്രിക്ക് പറ്റിയ തെറ്റ് സംഭവിക്കരുത്.

നാം തീരുമാനങ്ങളെടുക്കും, എന്നാൽ ആ തീരുമാനങ്ങൾ നമ്മുടെ അന്ത്യ സ്ഥാത്തെ നിർണ്ണയിക്കും.

ഒരു ചിന്ത വിതെക്കുന്നു,
സ്വഭാവത്തെ കൊയ്യുന്നു.
സ്വഭാവത്തെ വിതെക്കുന്നു,
ജീവിതത്തെ കൊയ്യുന്നു,
ഒരു ജീവിതത്തെ വിതെക്കുന്നു,
അന്ത്യസ്ഥാനം കൊയ്യുന്നു.

### കൊയ്ത്ത്: മറ്റുള്ളവരുടെ സ്വാധീനത്തെ കൊയ്യുന്നു

മറ്റുള്ളവർ വിതെക്കുന്നതിന്റേയും കൊയ്യുന്നതിന്റേയും സ്വാധീന മാണ് നാം കൊയ്യുന്നത് എന്ന മറ്റൊരു സത്യം സിമ്രിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അവൻ വാസ്തവത്തിൽ വിളവെടുത്തത് മറ്റുള്ളവരുടെ വിതെ യിൽനിന്നുത്ഭവിച്ചതാണ്.

തന്റെ കാലയളിനെ കുറിച്ചായിരിക്കാം, സിമ്രി ചിന്തിച്ചത്, കീഴ്വഴക്ക തത്വം. തനിക്ക് മുൻപ് നാദാബിന്റെ ഒരു കുലപാതകം സംഭവിച്ചു കഴിഞ്ഞിരി ക്കുന്നു (15:25–31). പ്രവാചകനായിരുന്ന, യേഹു മുന്നറിച്ചതും സംഭവിച്ചു കഴി ഞ്ഞു (16:8–13). വഴിയിലുള്ള ആരെയും കൊന്നാൽ മാത്രമേ സാഹചര്യത്തിന് മാറ്റമുണ്ടാകു എന്ന് രാഷ്ട്രത്തലവന്മാർ ചിന്തിച്ചിരിക്കാം. അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരെപോലെ ദൈവജനം ചിന്തിക്കുവാൻ തുടങ്ങി. ഒരുപക്ഷെ അവന്റെ ചുറ്റും അവനെ “ജഡിക ശക്തിയുപയോഗിച്ച്, ശരിയായ സമയത്ത് ശരിയായി പ്രവർത്തിച്ച് അധികാരത്തിലെത്തുക” എന്ന് ഉപദേശിക്കുന്നവരു

ണ്ടായിരുന്നേക്കാം. അത്തരം ചിന്തകൾ അവനെ സ്വാധീനിച്ചിരിക്കാം, എന്നാൽ ആ അശുഭ ചിന്തകൾ അവൻ വിതെക്കുകയായിരുന്നു എന്ന് അവൻ തിരിച്ചറിഞ്ഞില്ല. അതിലൂടെ അവൻ കൊയ്ത്തിനു വേണ്ടതു ശേഖരിക്കുകയായിരുന്നു.

നാം ശൂന്യതയിലല്ല ജീവിക്കുന്നത്. എല്ലാ വിധത്തിലുമുള്ള ചിന്തകൾ ഒഴുകി വരും, ദുഷ്ടമനസുകളിൽ ആവശ്യമില്ലാത്തതു അടിഞ്ഞുകൂടുകയും ചെയ്യും. അത്തരം ചിന്തകളെ നാം അനുവദിച്ചാൽ, അവ നമ്മുടെ ചിന്തയുടെ ഭാഗമായി തീരും. അവ നമ്മുടെ മനസുകളിൽ പ്രവേശിച്ചാൽ, അതിനനുസരിച്ച് സ്വഭാവത്തെ മാറ്റും; പിന്നെ അവ വാക്കുകളായും, പ്രവൃത്തികളായും മാറും. ഒരാളുടെ ഹൃദയാന്തർഭാഗത്തുള്ളത് വാക്കുകളിൽകൂടെയും പ്രവൃത്തികളിൽ കൂടെയും പുറത്തു വരും (മത്തായി 12:25). കൊയ്ത്തുകാലം വരുമ്പോൾ, “ഞാൻ കൊയ്യുന്ന ഫലത്തിൽ ചിലത് മറ്റുള്ളവർ വിതെച്ചതിന്റെ ഫലമാണ്'. അവർ എന്നെ സ്വാധീനം ചെലുത്തി മാറ്റിയെടുത്തു ഞാൻ അതിന് അവരെ അനുവദിച്ചതാണ്. ഇപ്പോൾ ഞാൻ അതിന് വില കോടുക്കുന്നു” എന്നു നാം സമ്മതിക്കണം. ആർ നിങ്ങളെ സ്വാധീനം ചെലുത്തിയോ, അതനുസരിച്ചായിരിക്കും നിങ്ങളുടെ കൊയ്ത്ത്; നിങ്ങൾ എപ്പോൾ, എങ്ങനെ, എന്തുകൊണ്ട് വിതെച്ചു എന്നതു കാര്യമാക്കാതെ, വിതെച്ചതിന്റെ ഫലം കൊയ്യും.

ഏതാനും വർഷങ്ങൾക്ക് മുൻപ് ഞാൻ ഒരു യുവാവിനെ ക്രിസ്തീയ വിദ്യാഭ്യാസം ചെയ്യുവാൻ പ്രോൽസാഹിപ്പിച്ചു. അവന് കോളേജിൽ ചേർന്ന് പഠിക്കണമെന്നുണ്ടായിരുന്നു, പക്ഷെ അവന്റെ മാതാപിതാക്കൾക്ക് സാമ്പത്തികശേഷിയില്ലായിരുന്നു. ശരിയായ പ്രോൽസാഹനത്തിന്റെ ഫലമായി മാതാപിതാക്കളുടെ സഹായത്തോടുകൂടി അവൻ ഒരു ക്രിസ്തീയ കോളേജിൽ ചേർന്നു. അവർക്ക് അൽപം സമ്പാദ്യമുണ്ടായിരുന്നത് അതിനുവേണ്ടി ഉപയോഗിപ്പാൻ തീരുമാനിച്ചു. ആ യുവാവ്, വേനൽക്കാലത്ത് ജോലി ചെയ്ത് എത്ര സമ്പാദിക്കാമോ അത്രയും സമ്പാദിക്കുവാൻ തീരുമാനിച്ചു. അവൻ നാല് വർഷം കോളേജിൽ പഠിക്കുമ്പോൾ, ചെലവിനായി അവന്റെ അമ്മയും ചെറിയ ജോലിക്ക് പോയി. അത് ഒരു കുടുംബത്തിന്റെ പരിശ്രമ വിജയമായിരുന്നു; ആ യുവാവിന് അങ്ങനെ കോളേജിൽ പോകുവാനുള്ള സമയം വന്നു. അത്രയൊക്കെ നേടിയിട്ടും അവന്റെ ജീവിതം ദുഃഖപര്യവസാനമായി. അവന് കിട്ടിയ കൂട്ടുകാരൻ ധാർമ്മിക തത്വമില്ലാത്ത ആളായിരുന്നു. ഒഴിവ് കിട്ടുമ്പോൾ അവന്റെ കൂടെ താമസിച്ചിരുന്ന ആൾ അവനെ മയക്കുമരുന്ന് ഉപയോഗിക്കുന്നതിന് ശീലിപ്പിച്ചു. ഇതറിഞ്ഞ കോളേജ് അധികാരികൾ അവനും അവന്റെ കൂട്ടുകാരനും കോളേജിനേയും കുടുംബത്തേയും നിന്ദിച്ചതിനാൽ കോളേജിൽനിന്ന് പുറത്താക്കപ്പെട്ടു. അവർ വിതെക്കുകയും കൊയ്യുകയും ചെയ്തു. ആ യുവാവ് നല്ല ഒരാളായിരുന്നു എന്ന് എനിക്ക് അറിയാം. അവന് വളരെ ദൂരെ പോകാമായിരുന്നു, എന്നാൽ അവനിൽ വിതെക്കുവാൻ അവൻ മറ്റൊരാളെ അനുവദിച്ചു, ക്രമേണ മറ്റൊരാളുടെ കൊയ്ത്ത് അവന്റേതായി തീർന്നു.

നാം അനുവദിച്ചാൽ, മറ്റുള്ളവർ നമ്മുടെ വിതയോടും കൊയ്ത്തിനോടും കൂട്ടിച്ചേർക്കും. അപ്പോൾ, നാം നമ്മുടെ ചിന്തകളും, തത്വങ്ങളും, കൂട്ടുകാരും, പ്രവൃത്തികളും സൂക്ഷിക്കണം, കാരണം അവ നമ്മുടെ മൊത്തത്തിലുള്ള വിതയിലും, കൊയ്ത്തിലും പ്രവേശിക്കും. നിങ്ങളുടെ ചിന്തകളും പ്രവൃത്തികളും നിങ്ങളിൽനിന്നു വന്നാലും, മറ്റുള്ളവരുടെ സ്വാധീനത്തിൽ നിന്നു വന്നാലും നിങ്ങൾ വിതെക്കുന്നതിനനുസരിച്ചായിരിക്കും കൊയ്യുന്നത്.

## കൊയ്ത്ത്: മറ്റുള്ളവരെ സ്വാധീനിക്കുന്നതനുസരിച്ചുള്ള കൊയ്ത്ത്

മറ്റുള്ളവരുടെ കൊയ്ത്തു സിമ്രിയുടെ കൊയ്ത്തിനെ ബാധിച്ചിരുന്നു എന്ന സത്യമാണ് സിമ്രിയുടെ അനുഭവത്തിൽനിന്നു നാം പഠിക്കുന്ന നാലാമത്തെ സത്യം. സിമ്രിയുമായി ബന്ധപ്പെട്ടവരെല്ലാം ദു: ഖിക്കുവാനിടയായി.

"നല്ലതെല്ലാം യോജിച്ചവർക്കും, വിഷമം പിടിച്ചതെല്ലാം ശക്തർക്കും ഉള്ളതാണ്. മുഷ്ടിയുദ്ധം നടത്തുന്നവർ ജയിക്കും:" എന്നാണ് സിമ്രിയുടെ സ്വാധീനം പറഞ്ഞത്. എന്തു ഭയങ്കര സന്ദേശമാണ് നിങ്ങളുടെ ജീവിതം നൽകുക! സിമ്രിയുടെ ജീവിതം ഒരു പഴഞ്ചൊല്ല് പോലെയായി (2 രാജാക്കന്മാർ 9:31). ഏലായെ കൊന്നവൻ എന്ന നിലയിൽ അവനെ ഓർമ്മിച്ചേക്കാം. രാജാവിനെ കൊന്നവനായിരുന്നു "സിമ്രി" എന്ന് അവനെ കുറിച്ച് ആളുകൾ പറഞ്ഞേക്കാം. വിട്ടുകളയുന്ന എന്തൊരു ബഹുമതിയാണത്! നിങ്ങൾ പറഞ്ഞേക്കാം, "ഒരുപക്ഷെ ആരും സിമ്രിയെ ശ്രദ്ധിക്കുവാനോ നോക്കുവാനോ കാണുകയില്ലായിരിക്കാം." ഒരുപക്ഷെ അവൻ പഠിപ്പിക്കുന്ന പാഠം അവർ കണ്ടില്ലെന്നു നടിക്കയാവാം. മിക്കവാറും, ചിലർ അവന്റെ വഴിതെറ്റിയ മാർഗത്താൽ സ്വാധീനിക്കപ്പെട്ടേക്കാം. സിമ്രി അധഃപ്പതനത്തിലേക്കും നാശത്തിലേക്കും പോയപ്പോൾ, അവനെ അതുവരെ ശ്രദ്ധിച്ചിരുന്നവർ വഴി മാറി സഞ്ചരിച്ചിരിക്കാം. എന്നാൽ അവരുടെ ജീവിതത്തിൽ സിമ്രിയുടെ സ്പർശത്താൽ കിട്ടിയ അവശിഷ്ടങ്ങൾ കണ്ടേക്കാം.

സമൂഹത്തിൽ, പൊതുവായി, സിമ്രി സംഭാവന ചെയ്തത് കുഴപ്പമായിരുന്നു, അല്ലാതെ നല്ല സാമൂഹ്യജീവിതമായിരുന്നില്ല. അവൻ പിൻപിലുള്ളവർക്ക് സഞ്ചരിപ്പാൻ കണ്ണുനീരുള്ള പരുപരുത്ത നിരപ്പില്ലാത്ത വഴിയാണ് വിട്ടുപോയത്. വഴിയിൽനിന്നു കല്ലുകൾ പെറുക്കു മാറ്റുന്നതിനു പകരം, പിൻവരുന്നവരെ വിഷമിപ്പിച്ച് കല്ലുകൾ വിതറുകയായിരുന്നു. സിമ്രിക്കു ശേഷം വന്നവരുടെ ജീവിതം പ്രയാസമുള്ളതായി തീർന്നു, കാരണം, അവർ തിരഞ്ഞെടുത്താലും ഇല്ലെങ്കിലും – അവർ സിമ്രി വിതെച്ചു പുറപ്പെടുവിച്ചതിനു പങ്കുകാരാകേണ്ടി വന്നു. സിമ്രി വിട്ടുപോയ നിരാശയും നിരാശ്രയത്വവും വിട്ട് യിസ്രായേൽ സമൂഹങ്ങൾ, വീണ്ടും മാന്യതയും ബഹുമാനവും, ദൈവ-ഭയവും ആർജിച്ചെടുക്കണമായിരുന്നു.

നിങ്ങൾ ഒരു കൊയ്ത്ത് വിട്ടിട്ടാണ് പോകുന്നത് – നിങ്ങളും മറ്റുള്ളവരും കൊയ്യേണ്ടതിന്, ചുരുങ്ങിയത് ഒരു ഭാഗമെങ്കിലും കൊയ്യേണ്ടതായി വരും. ഏതു തരം കൊയ്ത്താണ് അത്? ആരും തനിക്കായി തന്നെ ജീവിക്കുന്നില്ല. നമ്മളെല്ലാവരും സമൂഹത്തിലാണ് ജീവിക്കുന്നത്. നാം മറ്റുള്ളവരേയും മറ്റുള്ളവർ നമ്മെയും സ്വാധീനിക്കുന്നു.

ആ സത്യത്തെ കുറിച്ചു ചിന്തിക്കുമ്പോൾ, നമ്മുടെ മക്കളെ കുറിച്ച് വിചാരിക്കാതിരിപ്പാൻ കഴിയുകയില്ല. അവരെ വളർത്തുവാനുള്ള മാതാപിതാക്കളെ അവർക്ക് തിരഞ്ഞെടുക്കുവാൻ സാധ്യമല്ല. ഒരു ദിവസം, തങ്ങൾ ജനിച്ച സമൂഹത്തിൽ മാതാപിതാക്കളോടൊപ്പം ജീവിക്കുന്നതായി അവർ തിരിച്ചറിയുന്നു. അന്നുമുതൽ, മറ്റാരോ വിതെച്ചതിന്റെ ഫലം അവർ കൊയ്യുകയാണ്. അവർ തങ്ങൾക്ക് മുൻപ് ജീവിച്ചിരുന്നവർ ഉണ്ടാക്കിയ തോട്ടത്തിലോ, അല്ലെങ്കിൽ തെരുവിലോ വളരുവാൻ വിധിക്കപ്പെടുന്നു. മുൻപ് വിതെച്ചതിന്റെ അവകാശ ഫലമാണ് അവർ കൊയ്യുന്നത്. ആ പ്രമാണത്തിന്റെ സത്യം നമ്മെ നിർത്തി ചിന്തിപ്പിക്കുന്നു. ഞാൻ വിതെക്കുന്നതു മാത്രമല്ല, മറ്റുള്ളവർ വിതെക്കുന്നതും

ഞാൻ കൊയ്യും - പ്രത്യേകിച്ച് നമ്മുടെ ബന്ധുമിത്രാദികൾ - ഒരു പരിധി വരെ ഞാൻ വിതെക്കുന്നതിൽനിന്നു കൊയ്യും. ഞാൻ ജീവിതത്തിൽ തിരഞ്ഞെടുത്ത് ജീവിച്ചതിന്റെ ഫലത്തിൽ അവരും ജീവിക്കും.

**ഉപസംഹാരം**

തീർച്ചയായും, മറ്റാർക്കും കിട്ടാത്ത അവസരം അവനു കിട്ടിയിരുന്നെങ്കിൽ സിമ്രിക്ക് വീണ്ടും ജീവിക്കാമായിരുന്നു - എങ്കിൽ അവൻ വ്യത്യസ്തമായി ജീവിക്കുമായിരുന്നു. അവൻ മറ്റൊരു വഴി തിരഞ്ഞെടുക്കുമായിരുന്നു. ശ്രദ്ധിച്ച്, ചിന്തിച്ച് ജീവിതത്തിൽ വിതെക്കുവാൻ അവൻ തുനിയുമായിരുന്നു. ദീർഘവീക്ഷണത്തേക്കാൾ, പുറകോട്ടുള്ള വീക്ഷണം നന്നായിരിക്കും. സിമ്രിക്ക് വീണ്ടും ജീവിക്കുവാൻ സാധ്യമല്ല. അവന്റെ ജീവിതം കഴിഞ്ഞുപോയി. എന്നാൽ, എങ്ങനെയായാലും, സിമ്രിക്ക് നിഷേധഭാവത്തിൽ നമ്മെ സ്വാധീനിക്കുവാൻ കഴിയും. സിമ്രിയുടെ സമ്മതമില്ലാതെ ദൈവം അത് തീർപ്പാക്കി. അവന്റെ ജീവിതത്തിന്റെ ചെറിയ ജീവചരിത്രത്തിൽ, സിമ്രി ചെയ്തതു പറയുന്നത്, "നീ വിതെച്ചതു കൊയ്യും, നീ വിതെച്ചതിനേക്കാൾ കൂടുതൽ കൊയ്യും; നിങ്ങളുടെ കൊയ്ത്ത് മറ്റുള്ളവരെ സ്വാധീനിക്കും; നിങ്ങളുടെ കൊയ്ത്ത് മറ്റുള്ളവരുടെ കൊയ്ത്തിനേയും സ്വാധീനിക്കും." അവന്റെ ജീവിതം നാം കേൾക്കേണ്ടതിനുള്ള പ്രസംഗമാണ്. നാം കേൾക്കുമോ?

ഒരു ഉപദേഷ്ടാവ് വിതയെയും കൊയ്ത്തിനേയും കുറിച്ച് ശക്തമായി പ്രസംഗിച്ച സംഭവം പറയുകയുണ്ടായി. അതിൽ അദ്ദേഹം ആർക്കും കൊയ്ത്തിന് മാറ്റം വരുത്തുവാൻ സാധ്യമല്ല എന്നു പറഞ്ഞു. "നാം വിതെക്കുകയും, അതിന്റെ ഫലം കൊയ്യുകയും ചെയ്യും." പ്രസംഗം കഴിഞ്ഞയുടനെ ഒരാൾ വന്ന് അദ്ദേഹത്തോട് ചോദിച്ചു, "നാം വിതെക്കുന്നതാണ് കൊയ്യുന്നതെങ്കിൽ പിന്നെ എന്തിനു ക്രിസ്ത്യാനികളായി തീരണം? എങ്ങനെയായാലും, നാം വിതച്ചതു കൊയ്യാതിരിപ്പാൻ സാധ്യമല്ലല്ലോ. ക്രിസ്ത്യാനിയായി തീർന്നാലും അത് മാറുകയില്ലല്ലോ." ഉപദേഷ്ടാവ് ഒരു നിമിഷം ചിന്തിച്ചിട്ട് മറുപടി പറഞ്ഞു, "അതെ, നിങ്ങൾ പറഞ്ഞതു ശരിയാണ്. നാം വിതച്ചതിന്റെ ഫലമാണ് നമുക്ക് ലഭിക്കുന്നത്. നാം ക്രിസ്ത്യാനിയായി തീർന്നതു കൊണ്ട് ഭൗതികമായ കൊയ്ത്ത് റദ്ദാക്കപ്പെടുന്നില്ല, എന്നാൽ ഒരു ക്രിസ്ത്യാനിക്ക് സഹായത്തിന് ദൈവവും, ക്രിസ്തുവും, പരിശുദ്ധാത്മാവും, സഭയും ഉണ്ട് അതിനാൽ കൊയ്ത്ത് ഭാരമില്ലാതാക്കുന്നു." അദ്ദേഹം പറഞ്ഞത് ശരിയായിരുന്നു, എന്നാൽ അതിനോട് മറ്റൊരു ചിന്തകൂടെ ചേർക്കേണ്ടതായിട്ടുണ്ട്: ക്രിസത്യാനിയായി തീരുമ്പോൾ, അത് ആ വ്യക്തിയുടെ കൊയ്തിനെ മാത്രമല്ല സഹായിക്കുന്നത്, നാളത്തേക്കും നിത്യതക്കുമുള്ള വിതയേയും ശരിയാക്കുവാൻ സഹായിക്കും.

**പഠിക്കേണ്ട പാഠം:**
**നിങ്ങൾ വിതക്കുന്നത് സൂക്ഷിക്കുക,**
**കാരണം നിങ്ങൾ വിതച്ചതിന്റെ ഫലം**
**നിങ്ങളും മറ്റുള്ളവരും അനുഭവിക്കും.**